(ബി) കോട്ടൺഹിൽ ഗേൾസ് സ്കൂളിനടുത്തുള്ള ഈശ്വരവിലാസം ജംഗ്ഷനു സമീപമുള്ള ട്രാൻസ്ഫോർമറിനരികിലായി കെ ആർ വി 7443 എന്ന ടെമ്പോവാൻ നിത്യേന വൈകുന്നേരം റോഡിലിട്ട് കഴുകുന്നത് കാൽ നടക്കാർക്ക് അസൗകര്യവും മറ്റു വാഹനങ്ങൾക്ക് അപകടവും വരുത്തുന്നതിനാൽ ഇതിനെതിരായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ അമ്പലമോഷണക്കേസിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയവർക്ക് 'റിവാർഡ്'

886 [1642] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ അമ്പലമോഷണക്കേസിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് കൂട്ടമായി പ്രവർത്തിച്ചവരിൽ ഫിംഗർ പ്രിൻറ് എക്സ് പെർട്ടിനും പോലീസ് ഫോട്ടോഗ്രാഫർക്കും റിവാർഡുകൾ നൽകുകയുണ്ടായോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു നൽകിയില്ല എന്നു വ്യക്തമാക്കാമോ;

(സി) ഫിംഗർ പ്രിൻറ് എക്സ്പെർട്ടിനും പോലീസ് ഫോട്ടോഗ്രാഫർക്കും റിവാർഡ് നൽകാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കേസുമായി ബന്ധപ്പെട്ട ഫിംഗർ പ്രിൻറ് ഒന്നുംതന്നെ കിട്ടിയിട്ടില്ല. സംഭവസ്ഥലം എണ്ണ പുരണ്ടിരുന്നതുകൊണ്ടും വസ്തുക്കളുടെ ഉപരിതലം മിനുസമല്ലാത്തതുകൊണ്ടുമാണ് ഫിംഗർ പ്രിൻറ് കിട്ടാഞ്ഞത്. ഫോട്ടോഗ്രാഫർ സ്ഥലത്തിന്റെ ഫോട്ടോ എടുക്കുകമാത്രമാണ് ചെയ്തത്. അദ്ദേഹം കേസ് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനല്ല. അതിനാൽ ഈ രണ്ടുകൂട്ടർക്കും റിവാർഡ് നൽകിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

മാരായമുട്ടത്ത് പോലീസ് ചാർജിംഗ് സ്റ്റേഷൻ

887 [1643] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇപ്പോൾ ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇവിടത്തെ ആകെ ജനസംഖ്യ എത്ര;

(സി) മാരായമുട്ടത്ത് ഒരു പോലീസ് ചാർജിംഗ് സ്റ്റേഷൻ തുടങ്ങണമെന്ന നിർദ്ദേശം എന്നാണ് സർക്കാരിന്റെ പരിഗണനയ്ക്കു വന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതോടൊപ്പം പരിഗണനയിലെടുത്ത പൂവാർ സ്റ്റേഷൻ എന്നാണ് ആരംഭിച്ചത്;

(ഇ) ആ വർഷത്തിൽ മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ തുടങ്ങാൻ അനുമതി നൽകിയിരുന്നോ;

(എഫ്) മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ ഇതുവരെ പണി തുടങ്ങാതിരിക്കുന്നത് എന്തുകൊണ്ട്;

(ജി) മാരായമുട്ടത്ത് അതു തുടങ്ങാൻ കാലതാമസമുണ്ടെങ്കിൽ ആര്യൻകോട് ഔട്ട്പോസ്റ്റ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ ഉടൻതന്നെ തുടങ്ങാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) 1,45,000.

(സി) 1973-ൽ.

(ഡി) പൂവാർ പോലീസ് സ്റ്റേഷൻ 1969-ൽ ആണ് സ്ഥാപിച്ചത്.

(ഇ) ഇല്ല.

(എഫ്) സാമ്പത്തിക പരിമിതികൾ മൂലമാണ് മാരായമുട്ടത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാതിരിക്കുന്നത്.

(ജി) നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട്

888 [1644] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് വഴുതക്കാട് ഗണപതി കോവിലിനു പടിഞ്ഞാറുവശമുള്ള ഒരു ടില്ലർ വർക്കുഷോപ്പ്, ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടത്തക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്.

കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം

889 [1645] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം എന്നാണ് രജിസ്റ്റർ ചെയ്തത്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിടാത്ത ചോദ്യ നമ്പർ 887 (643) കാണുക]

വെള്ളറട പോലീസ് സ്റ്റേഷന്റെ അധികാരാതിർത്തി

വില്ലേജ്	കര
ഒറശേഖരമംഗലം	1. വള്ളിക്കോട് 2. ഒറശേഖരമംഗലം 3. കുറവാര 4. കുന്നനാട് 5. പൂഴനാട് 6. വാഴച്ചാൽ
കുന്നത്തുകാൽ	1. അന്നാവൂർ 2. കോട്ടയ്ക്കൽ 3. കരിക്കംകോട് 4. വേങ്ങോട് 5. ചെറിയകൊല്ല 6. കുന്നത്തുകാൽ ഇറക്കര 7. കുന്നത്തുകാൽ താഴക്കര 8. കോരനംകോട്
വെള്ളറട	1. കോവിലൂർ (കുടപ്പനമൂട് റോഡും റോഡിന്റെ തെക്കുഭാഗത്തുള്ള പ്രദേശവും മാത്രം) 2. കുടപ്പു (ക്രാമല റിസർവ് വനത്തിന്റെ 18 സ്കെയർ മൈൽ ഒഴിച്ചുള്ള ഭാഗം മാത്രം) 3. വെള്ളറട 4. കരിക്കമൺകോട് (2) 5. മൂണ്ടനാട് 6. കരിമൻകുളം 7. കൂപ്പിച്ചൽകാണി 8. മിട്ടിക്കാത്തി 9. കൂത്താളി 10. കള്ളിമൂടുകാണി 11. പുനക്കാടുകാണി 12. പന്നിമലക്കാണി
കിഴാരൂർ	1. പശുവെണ്ണറ 2. നെടുംകോട് 3. കീഴാരൂർ 4. കുറിയാണിക്കാട് 5. മൈലച്ചൽ 6. ഇടവൽ 7. പള്ളിക്കപ്പുറമ്പ് 8. ചെമ്പൂർ 9. ചിലംപ

LIBRARY ARCHIVES Kerala Legislative Assembly